# റമദാൻ: പ്രവാചകന്റെ വാക്കുകളിൽ

عن سلمان الفارسي رَضِيَ اللّٰهُ عَنْهُ قال خَطَبَنَا رسول الله ﷺ فِي آخِرِ يَوْمٍ مِنْ
شَعْبَان فقال يا أَيُّهَا النَّاس قَدْ أَظَلَّكُمْ شَهْرٌ عَظِيمٌ شَهْرٌ مُبَارَكٌ فِيهِ لَيْلَةٌ
خَيْرٌ مِنْ أَلْفِ شَهْرٍ، جَعَلَ اللهُ صِيَامَهُ فَرِيضَةً وَقِيَامَ لَيْلِه تَطَوُّعًا،
مَنْ تَقَرَّبَ فِيهِ بِخَصْلَةٍ مِنَ الْخَيْرِ كَانَ كَمَنْ أَدَّى فَرِيضَةً فِيمَا
سِوَاهُ وَمَنْ أَدَّى فَرِيضَةً فِيهِ كَانَ كَمَنْ أَدَّى سَبْعِينَ فَرِيضَةً فِيمَا
سِوَاهُ، وَهُوَ شَهْرُ الصَّبْرِ، وَالصَّبْرُ ثَوَابُهُ الْجَنَّةُ، وَشَهْرُ الْمُوَاسَاةِ
وَشَهْرٌ يُزَادُ رِزْقُ الْمُؤْمِنِ فِيهِ، وَهُوَ شَهْرٌ أَوَّلُهُ رَحْمَةٌ وَأَوْسَطُهُ
مَغْفِرَةٌ وَآخِرُهُ عِتْقٌ مِنَ النَّارِ. وَشَهْرٌ مَنْ فَطَّرَ فِيهِ صَائِمًا كَانَ مَغْفِرَةً
لِذُنُوبِهِ وَعِتْقَ رَقَبَتِهِ مِنَ النَّارِ وَمَنْ سَقَى صَائِمًا سَقَاهُ اللهُ مِنْ حَوْضِي
شُرْبَةً لَا يَظْمَأُ حَتَّى يَدْخُلَ الْجَنَّةَ، وَشَهْرٌ مَنْ خَفَّفَ عَنْ مَمْلُوكِهِ
فِيهِ غَفَرَ اللّٰهُ لَهُ وَأَعْتَقَهُ مِنَ النَّارِ.

**സൽമാനുൽ ഫാരിസി(റ)യിൽ നിന്ന് നിവേദനം: ഒരു ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം നബി (സ) ഞങ്ങളോടു പ്രസംഗിച്ചു. അവിടുന്നരുളി: "അല്ലയോ ജനങ്ങളേ! നിശ്ചയം, മഹത്തായ ഒരു മാസം നിങ്ങൾക്ക് തണൽ വിരിച്ചിരിക്കുന്നു. അനുഗൃഹീതമായ മാസം. അതിലൊരു രാവുണ്ട്, ആയിരം മാസങ്ങളേക്കാൾ പുണ്യമുള്ളത്. ആ മാസത്തിലെ (പകലുകളിൽ) ഉപവാസം അല്ലാഹു ബാധ്യതയാക്കിയിരിക്കുന്നു. നിശയിലെ നമസ്കാരത്തെ ഐച്ഛിക സൽക്കർമവും. ആ മാസത്തിൽ ദൈവപ്രീതിക്കു വേണ്ടി ഒരു ഐച്ഛിക സൽക്കാര്യം ചെയ്യുന്നവൻ അതല്ലാത്ത കാലങ്ങളിൽ ഒരു നിർബന്ധ ബാധ്യത നിറവേറ്റിയവനെപ്പോലെയാകുന്നു. അന്ന് ഒരു നിർബന്ധബാധ്യത നിറവേറ്റിയവനോ, അല്ലാത്ത കാലങ്ങളിൽ എഴുപത് നിർബന്ധബാധ്യതകൾ നിറവേറ്റിയവനെപ്പോലെയും. അത് ക്ഷമയുടെ മാസമാകുന്നു. ക്ഷമയോ അതിന്റെ പ്രതിഫലം സ്വർഗമത്രെ. അത് സമത്വത്തിന്റെയും സഹാനുഭാവത്തിന്റെയും മാസവുമാകുന്നു. വിശ്വാസിയുടെ വിഭവം വർധിക്കുന്ന മാസമാകുന്നു. ആ മാസത്തിന്റെ തുടക്കം അനുഗ്രഹവും മധ്യം പാപമോചനവും ഒടുക്കം നരകമുക്തിയുമാകുന്നു. അനുഗൃഹീതമാസത്തിൽ ഒരുവൻ ഒരു നോമ്പുകാരന്ന് നോമ്പുതുറക്കാൻ കൊടുത്താൽ അതവന്റെ പാപങ്ങൾക്ക് മാപ്പും നരകത്തിൽ നിന്ന് അവന് മോചനവുമായിത്തീരുന്നു. അന്ന് ഒരുവൻ ഒരു നോമ്പുകാരന്ന് കുടിക്കാൻകൊടുത്താൽ അവനെ അല്ലാഹു എന്റെ തടാകത്തിൽനിന്ന് കുടിപ്പിക്കുന്നു; അവൻ സ്വർഗസ്ഥനാകുന്നതുവരെ പിന്നീടൊരിക്കലും അവനു ദാഹിക്കുന്നതല്ല. ആ മാസത്തിൽ ഒരുവൻ തന്റെ കീഴിലുള്ളവരോട് സൗമ്യമായി വർത്തിച്ചാൽ അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും അവനെ നരകാഗ്നിയിൽനിന്ന് മുക്തനാക്കുകയും ചെയ്യുന്നു."**

നബി(സ) അവിടുത്തെ സുന്ദരമായ ഭാഷയിൽ വിശുദ്ധ റമദാന്റെ മഹത്വവും പ്രാധാന്യവും വിവരിക്കുകയാണീ ലഘുപ്രഭാഷണത്തിൽ. ഈ പ്രഭാഷണം പാഠഭേദങ്ങളോടെ ഭാഗികമായും പൂർണമായും പല മുഹദ്ദിസുകളും ഉദ്ധരിച്ചിട്ടുണ്ട്. റമദാന്റെ മഹത്വം അസന്ദിഗ്ധമായി ഊന്നിപ്പറഞ്ഞുകൊണ്ടാണ് പ്രഭാഷണം തുടങ്ങുന്നത്. തുടർന്ന് റമദാൻ മാസത്തെ പടർന്നു പന്തലിച്ചു ശീതളഛായ വിരിച്ച ഒരു വൃക്ഷത്തോടുപമിക്കുകയാണ്. റമദാൻ ക്ലേശത്തിന്റെയും പീഡനത്തിന്റെയും കാലമല്ല; ആശ്വാസത്തിന്റെയും കുളിരിന്റെയും കാലമാണ് എന്നാണവിടുന്ന് സൂചിപ്പിക്കുന്നത്. ഈ ആശ്വാസവും കുളിരും ശരീരത്തിനല്ല ആത്മാവിനാണ് അനുഭവപ്പെടുക. ആത്മാവിനുതന്നെ അതനുഭവിക്കാൻ കഴിയണമെങ്കിൽ അതിനെ ആവേശപൂർവം സ്വാഗതം ചെയ്യാനും അതിന്റെ താൽപര്യങ്ങൾ പൂർത്തീകരിക്കാനും സന്നദ്ധമാവണം. അതാണ് ഈ മാസത്തിന്റെ മഹത്വവും വിശുദ്ധിയും. അനന്തരം റമദാന്നുമാത്രം അവകാശപ്പെട്ട പ്രധാന സവിശേഷതകൾ ചൂണ്ടിക്കാണിക്കുകയാണ്. ലൈലത്തുൽഖദ്ർ, നിർബന്ധ വ്രതാനുഷ്ഠാനം, ഐച്ഛികമായ നിശാ നമസ്കാരം എന്നിവയാണവ. തുടർന്ന് റമദാനിൽ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മനുഷ്യൻ അനുഷ്ഠിക്കുന്ന നിർബന്ധവും ഐച്ഛികവുമായ കർമങ്ങൾക്ക് അല്ലാഹുവിങ്കലുള്ള മൂല്യവും പരിഗണനയും വ്യക്തമാക്കിത്തരുന്നു. മനുഷ്യൻ ഏതവസരത്തിലനുഷ്ഠിക്കുന്ന സൽക്കർമത്തിനും അല്ലാഹു വർധിച്ച പ്രതിഫലം നൽകും. എന്നാൽ നോമ്പുകാലത്തനുഷ്ഠിക്കുന്ന കർമങ്ങൾക്ക് അതല്ലാത്ത കാലത്തനുഷ്ഠിക്കുന്ന കർമങ്ങളെയപേക്ഷിച്ച് എഴുപതിരട്ടി പ്രതിഫലം നൽകുന്നു. നോമ്പുകാലത്തിന് അല്ലാഹു കൽപിച്ചിട്ടുള്ള വിശുദ്ധിയും അന്ന് അടിമകൾ ചെയ്യുന്ന സൽക്കർമങ്ങൾ അത്യന്തം ഭക്തിനിർഭ

രവും നിഷ്കളങ്കവും ആയിരിക്കും എന്നതുമാണിതിനു കാരണം. അനന്തരം റമദാൻ ക്ഷമയുടെയും സഹാനുഭാവത്തിന്റെയും മാസമാണ് എന്നു പ്രസ്താവിക്കുന്നു.

വ്രതാനുഷ്ഠാനത്തിലൂടെ വിശ്വാസി ദൈവികമാർഗത്തിൽ ഉറച്ചുനിൽക്കുകയും സ്വേച്ഛകളെ നിയന്ത്രിക്കുകയും അങ്ങനെ സ്ഥൈര്യവും ആത്മനിയന്ത്രണവും ശീലിക്കുകയും ചെയ്യുന്നുവെന്നാണ് ക്ഷമയുടെ മാസമാണ് എന്നതിന്റെ താൽപര്യം. അന്ന് അവനിൽ അല്ലാഹുവിനോടുള്ള വിധേയത്വം ശക്തിപ്പെടുന്നു. വിശ്വാസി ഒരു രണാങ്കണത്തിലെ പടയാളിയെപ്പോലെയാണ്. അവന് ബോധപൂർവമായും അല്ലാതെയും പൈശാചികശക്തികളോട് പൊരുതേണ്ടതുണ്ട്. ക്ഷമയെന്ന ഗുണം ആർജിക്കാത്തവർ ഈ സമരത്തിന്റെ തുടക്കത്തിൽതന്നെ ആയുധംവെച്ച് കീഴടങ്ങുന്നു. സമൂഹത്തിലെ ദരിദ്രവിഭാഗങ്ങളുടെയും അവശജനങ്ങളുടെയും ദുഃഖങ്ങളിലും വേദനകളിലും എല്ലാവരും സമത്വബോധത്തോടെ പങ്കുചേരുന്ന കാലം എന്നാണ് സഹാനുഭാവത്തിന്റെ മാസം എന്നതുകൊണ്ടുദ്ദേശ്യം. നോമ്പുകാലത്ത്, കഴിവുള്ളവർ അല്ലാഹു തങ്ങൾക്കേകിയ ഔദാര്യത്തിൽ തങ്ങളുടെ ചുറ്റുമുള്ള പാവങ്ങളെയും അഗതികളെയും പങ്കാളികളാക്കുകയും അവരുടെ ആഹാര കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങനെ ചെയ്യുന്നതുകൊണ്ട് വിശ്വാസി പൊളിഞ്ഞുപോകുന്നില്ല. അല്ലാഹു അവന് ഇഹത്തിൽതന്നെ കൂടുതൽ ഔദാര്യം ചൊരിഞ്ഞുകൊടുക്കും. കൂടാതെ പരത്തിലും ദാനധർമങ്ങളെപ്രതി അവന്റെ വിഭവം വർധിച്ചുകൊണ്ടിരിക്കും. അതുകൊണ്ടാണു റമദാൻ വിശ്വാസിയുടെ വിഭവം വർധിക്കുന്ന കാലമാണെന്ന് നബി (സ) പ്രത്യേകം എടുത്തോതിയത്. ഈ മാസത്തിലെ മൂന്നു പത്തുകളുടെയും സവിശേഷതകളാണ് പിന്നെ പറയുന്നത്. ആദ്യത്തെ പത്ത് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും കാലമാണ്. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും തങ്ങളിൽ ചൊരിയേണമെന്നും വ്രതവും മറ്റു സൽക്കർമങ്ങളും കുറ്റമറ്റ രീതിയിൽ അനുഷ്ഠിക്കാൻ ഉതവി നൽകണമെന്നുമാണ് ആ നാളുകളിൽ ദാസന്മാർ സവിശേഷം പ്രാർഥിക്കേണ്ടത്. രണ്ടാമത്തെ പത്തിൽ നേരത്തേ ചെയ്തുപോയ തെറ്റുകൾ പൊറുത്തുതരുന്നതിനു വേണ്ടിയുള്ള പ്രാർഥനക്കും പശ്ചാത്താപത്തിനും വീണ്ടും തെറ്റുകളിൽ പതിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ആത്മശുദ്ധീകരണത്തിനും നിശ്ചയദൃഢീകരണത്തിനുമാണ് കൂടുതൽ പ്രാധാന്യം. മൂന്നാമത്തെ പത്തിൽ നരകത്തിൽനിന്നു രക്ഷകിട്ടുന്നതിനു വേണ്ടിയുള്ള പ്രത്യേക പ്രാർഥനകൾക്കും കർമങ്ങൾക്കുമാണ് ഏറെ പ്രാധാന്യം. ഈ മൂന്നു പത്തുകളെയും വിശ്വാസി ഈവിധം സമീപിച്ചാൽ അയാൾ ആദ്യത്തെ പത്തിൽ ദൈവാനുഗ്രഹങ്ങളാർജിക്കുകയും രണ്ടാമത്തെ പത്തിൽ പാപങ്ങളിൽനിന്ന് മുക്തനാവുകയും മൂന്നാമത്തെ പത്തിൽ നരകത്തിൽനിന്ന് പരിപൂർണമായി രക്ഷപ്പെടുകയും ചെയ്യുന്നു.

അവസാനമായി, റമദാനിൽ പാപമോചനവും നരകമുക്തിയും നേടാനുള്ള ചില ഉപാധികൾ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ഒരു നോമ്പുകാരന് നോമ്പുതുറക്കാൻ കൊടുക്കുക, അല്ലെങ്കിൽ വെള്ളം കുടിക്കാൻ കൊടുക്കുക. തന്റെ കീഴിലുള്ളവരോട് സൗമ്യമായി പെരുമാറുക, അവർക്ക് ഇളവുകളും സൗകര്യങ്ങളും നൽകുക ഇതൊക്കെയാണ് ഉദാഹരണങ്ങളായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പാപമോചനവും നരകമുക്തിയും കരസ്ഥമാക്കാൻ സാമ്പത്തികമായോ മറ്റുനിലയിലോ കഴിവുണ്ടായിരിക്കണമെന്നില്ല. ഓരോരുത്തർക്കും അവരവരുടെ നിലവിലുള്ള അവസ്ഥയിൽ തന്നെ അവ നേടാൻ കഴിയും. ഒന്നും കൈയിലില്ലാത്തവൻ ദാഹാർത്തന് ഒരിറക്കു വെള്ളം ദാനം ചെയ്യുന്നത്, ഒരു ലക്ഷാധിപതി ലക്ഷങ്ങൾ ധർമം ചെയ്യുന്നതുപോലെ തന്നെ പുണ്യമുള്ള കാര്യമാണ്. എന്നാൽ ലക്ഷാധിപതി ഒരിറക്ക് വെള്ളം ദാനംചെയ്ത് ചുളിവിൽ സ്വർഗം നേടാമെന്നു വ്യാമോഹിക്കുകയും വേണ്ട.